പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം–1

File No. C3/1685/2021 Date: 18/08/2021

വിഷയം: **ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിദ്യാഭ്യാസം, 2021-22 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ പ്രവേശന കാര്യപത്രിക, ബോണസ് മാർക്ക് സംബന്ധിച്ച മാറ്റങ്ങൾ / കൂട്ടിച്ചേർക്കലുകൾ**

സൂചന:

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3729/2021, പൊ.വി.വകുപ്പ്, തീയതി. 16/08/2021
2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3667/2021, പൊ.വി.വകുപ്പ്, തീയതി. 12/08/2021

സൂചന 1 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം പ്രവേശന കാര്യപത്രിക അംഗീകരിച്ച് ഉത്തരവ് നൽകിയിരുന്നു.

2021-22 വർഷത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗം ഏകജാലക പ്രവേശനത്തിൽ ബോണസ് മാർക്കുമായി ബന്ധപ്പെട്ട് നിർദേശിക്കപ്പെട്ട ഭേദഗതികൾ സൂചന 2 പ്രകാരം സർക്കാർ പരിശോധിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ഉൾപ്പെട്ട, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗത്തിനും ബാധകമായിരിക്കും.

1. ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനനുവദിക്കുന്ന പരമാവധി ബോണസ് മാർക്ക് 10 ആയി നിജപ്പെടുത്തിയിരിക്കുന്നു.
2. നീന്തൽ യോഗ്യത പരിഗണിക്കേണ്ടത് ജില്ലാ സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.
3. ലിറ്റിൽ കൈറ്റ്സിന്റെ ഐ റ്റി ക്ലബ്ബ് അംഗങ്ങൾക്ക് ബോണസ് മാർക്കായി 1 മാർക്ക് അനുവദിക്കും.

ആയതിനാൽ ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശന കാര്യപത്രിക 2021-22 ന്റെ ക്ലോസ് 20.2 ൽ മേൽപ്പറഞ്ഞ മാറ്റങ്ങൾ വരുത്തി ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**